R2133 32E7

VEDAPRAMANYAM—VENKATESWARA AIYAR

MUL
087406

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number R2133 32E7

Accession Number 87406

Available for loan from

This book should be returned on or before the date last marked below.

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

O61

ശ്രീ।

# VEDAPRAMANYAM.

# വേദപ്രാമാണ്യം.


By

M. K. VENKITESWARA AIYAR,

High Court Vakil,

Palghat.



M. V. Press, Palghat.

1917.

Price 4 Annas. വില 4 അണ.

8. NOV. 19..
87406
16882
R 2133
32 (E)



മഹാഗണപതയെനമഃ

# വേദപ്രാമാണ്യം.

—ം—

## പ്രാൎത്ഥനാ.

അപ്രമേയത്രയാതീത നിൎമ്മലജ്ഞാനമൂൎത്തയെ
മനോഗിരാം വിദൂരായ ദക്ഷിണാമൂൎത്തയെനമഃ.

അൎത്ഥം: മനസ്സുകൊണ്ടു ആലൊചിച്ചു അറിവാനും വാക്ക കൊണ്ടു വൎണ്ണിപ്പാനും കഴിയാത്തവനായും പ്രമാതാ, പ്രമാണം പ്രമെയം എന്ന മൂന്ന വിഭാഗങ്ങളെ അതിക്രമിച്ചു നിൎമ്മലജ്ഞാനസ്വരൂപിയായും ഉള്ള ദക്ഷിണാ മൂൎത്തിക്ക നമസ്കാരം.

## ബ്രാഹ്മണ്യമഹിമാ.

ഭൂതാനാം പ്രാണിനഃ ശ്രെഷ്ഠാഃ
പ്രാണിനാം ബുദ്ധിജീവിനഃ
ബുദ്ധിമത്സുനരാഃ ശ്രെഷ്ഠാഃ
നരെഷുബ്രാഹ്മണാഃ സ്മൃതാഃ
ബ്രാഹ്മണെഷുചവിദ്വാംസഃ
വിദ്വത്സുകൃതബുദ്ധയഃ
കൃതബുദ്ധിഷുകൎത്താരഃ
കൎത്തൃഷു ബ്രഹ്മവെദിനഃ
തപസ്തപ്ത്വാസൃജൽബ്രഹ്മാ
ബ്രാഹ്മണാൻ വെദഗുപ്തയെ
തൃപ്ത്യൎത്ഥം പിതൃദെവാനാം

ധൎമ്മസംരക്ഷണായച.
ജന്മനാബ്രാഹ്മണൊജ്ഞേയഃ
സംസ്കാരൈഃ ദ്വിജഉച്യതെ
വിപ്രത്വം വിദ്യയാചാപി
ത്രിഭിഃ ശ്രൊത്രിയഉച്യതെ
ബ്രാഹ്മണ്യാം ബ്രാഹ്മണെനൈവ
ഉൽപന്നൊ ബ്രാഹ്മണഃ സ്മൃതഃ
ഷട് കൎമ്മാണിനിജാന്യാഹുഃ
ബ്രാഹ്മണസ്യമഹാത്മനഃ
തൈരെവസതതംയസ്തു
വൎത്തയൻ സുഖമെധതെ
അദ്ധ്യാപനം ചാദ്ധ്യയനം
യജനം യാജനം തഥാ
ദാനം പ്രതിഗ്രഹശ്ചെതി
ഷട് കൎമ്മാണീതിചൊച്യതെ.

പ്രാണികളിൽ വെച്ചു മനുഷ്യൻ ശ്രേഷ്ഠനാണെന്നും മനു ഷ്യരിൽ വിദ്വാനും ബുദ്ധിമാനും ധൎമ്മാനുഷ്ഠാനത്തോടു കൂടിയ വനുമായ ബ്രാഹ്മണൻ ശ്രേഷ്ഠനാണെന്നും സ്മൃതികളിൽ പറ ഞ്ഞിട്ടുണ്ടു. പിന്നെ ബ്രഹ്മവിത്തായിരിക്കുന്ന ബ്രാഹ്മണൻ സൎവ്വോൽകൃഷ്ടനാണെന്ന് എല്ലാശാസ്ത്രങ്ങളിലും സ്മൃതികളിലും വേദത്തിലും പറഞ്ഞുകാണുന്നു.

സംസ്കാര മഹിമാ.

ജനിക്കുമ്പോൾ ബ്രാഹ്മണൻ കേവലം ദ്വിജത്വ പ്രാപ്തി ക്കു യോഗ്യതയോടുകൂടി മാത്രം ഇരിക്കുന്നു എന്നും ഉപനയന സംസ്കാരംകൊണ്ടു ദ്വിജനാകുന്നു എന്നും വേദാഭ്യാസംകൊണ്ടു വിദ്വാനായും ഈ മൂന്നു കാരണങ്ങളാലും ശ്രോത്രിയനായും ഭവി ക്കുന്നു എന്നും നമുക്കു അറിയാവുന്നതാണ്. നമ്മുടെ ശരീരം

ഒരു ക്ഷേത്രംപോലെയാണെന്നും ജീവൻ അതിൽ ഒരു മൂൎത്തിപോലെയാണെന്നും ഭഗവദ്വാക്യം ഉണ്ടു. എന്നാൽ അതിന്നു ബ്രാഹ്മണ്യം ലഭിപ്പാൻ സംസ്കാരങ്ങൾ വേണമെന്നു പറയുന്നുണ്ടു.

'ചിത്രംകൎമ്മയഥാനേകൈ-
രംഗൈരുന്മീല്യതേശനൈഃ
ബ്രാഹ്മണ്യമപിതദ്വൽസ്യാൽ
സംസ്കാരൈൎവ്വിധിപൂൎവ്വകൈഃ'

ശില്പാശാരി ബിംബം വാൎത്തശേഷം അതിന്നു കൊത്തുപണി നടത്തി അംഗങ്ങളെ തെളിയിച്ചു എങ്ങിനെ നല്ല ബിംബം ആക്കുന്നുവൊ അതുപോലെ നാമും സംസ്കാരങ്ങൾകൊണ്ടു ബ്രാഹ്മണ്യത്തിനെ പൂൎത്തിയാക്കേണ്ടതാണ്. സംസ്കാരങ്ങളിൽ ലോപമൊ അശ്രദ്ധയൊ ഉണ്ടായാൽ ബ്രാഹ്മണ്യം മുഴുവനും സിദ്ധിക്കുന്നതല്ല. നാം നാല്പതു സംസ്കാരവും നടത്താതെ ഇരിക്കുന്നതു കുറെ ബ്രാഹ്മണ്യഹാനി വരുത്തുന്നതു തന്നെയാണ്. കാട്ടിൽ ഒരു ബിംബം എത്ര ഭംഗിയായിരുന്നാലും അതിന്നു ശുദ്ധികലശം മുതലായതു ഇല്ലാത്തതുകൊണ്ടു അതിന്നെ വളരെ മഹിമയോടുകൂടിയ ചൈതന്യം ഉള്ളതായി ആരും വിചാരിക്കുന്നില്ല. അമ്പലങ്ങളിൽ ശുദ്ധികലശവും നിത്യപൂജാദികളും നടത്തുന്നതുകൊണ്ടു ബിംബത്തിന്നു കുറെ ഭംഗികുറവുണ്ടെങ്കിലും അതിന്നെ വളരെ ഭക്തിയോടുകൂടി ഈശ്വരസ്വരൂപമായി നാം ഭജിക്കുന്നു. അതുപോലെ നമുക്കു സംസ്കാരലോപം ഇല്ലെങ്കിൽ നമ്മുടെ ഉള്ളിലുള്ള ചൈതന്യം പൂൎത്തിയായിസ്ഥിതിക്കുന്നതും ലോപം വരുത്തിയാൽ നമ്മുടെ ശരീരം ഒരു കാട്ടമ്പലംപോലെ ആവുന്നതുമാണ്. നാം മന്ത്രോച്ചാരണം ചെയ്യുമ്പോൾ പൂൎണ്ണഫലം ഉണ്ടാവേണമെങ്കിൽ നമ്മുടെ ബ്രാഹ്മണ്യത്തിന്നെ സംസ്കാരങ്ങൾകൊണ്ടും നിത്യകൎമ്മാനുഷ്ഠാനം കൊണ്ടും ഹാനി വരാതെ നിലനിൎത്തേണ്ടതാണ്.

## മന്ത്രമഹിമാ.

ദൈവാധീനം ജഗൽസൎവ്വം
മന്ത്രാധീനന്തുദൈവതം
തന്മന്ത്രം ബ്രാഹ്മണാധീനം
ബ്രാഹ്മണോമമ ദൈവതം.'

എന്നതു ഭഗവദ്വാക്യമാണ ജഗത്തു നിലനില്ക്കുന്നത്. അദൃഷ്ടമായ ദൈവശക്തികൊണ്ടാണ്. എന്നാൽ ആ ദൈവം മന്ത്രംകൊണ്ടു വശപ്പെട്ടുണതാണ്. പക്ഷെ മന്ത്രോച്ചാരണം യഥാൎത്ഥ ബ്രാഹ്മണ്യത്തോടുകൂടിയ ബ്രാഹ്മണൻ മുഖേന ആവണം. ആ ബ്രാഹ്മണന്ന് ഈശ്വരനും വശനാണ്. മന്ത്രോച്ചാരണത്തെ ഒരു മോട്ടോർശക്തിപോലെ അദൃഷ്ടമായ ദുഃഖകാരണങ്ങളെ നിവാരണംചെയ്യാൻ യന്ത്രമായി വിചാരിക്കാം. ബ്രാഹ്മണൻ ആ യന്ത്രം ഉപയോഗിപ്പാൻ ഒരു മോട്ടോർ ഓടിക്കുവാനുള്ള സർട്ടിഫിക്കെററ കിട്ടിയവനെപ്പോലെയാണ് നമ്മുടെ ദുഃഖങ്ങൾക്കുള്ള അദൃഷ്ടകാരണങ്ങൾ കണക്കില്ലാതെ അധികമായിരിക്കകൊണ്ടു മന്ത്രമെന്നഇഞ്ചിൻ വെച്ചു പ്രവൃത്തി ചെയ്തു അവകളെ നീക്കംചെയ്യേണ്ടതാണ്. എന്നാൽ മന്ത്രമഹിമയിൽ നമുക്കു കളങ്കമില്ലാത്തവിശ്വാസം ഉണ്ടായാൽ മാത്രമെ ആ ഫലം സിദ്ധിക്കയുള്ളൂ. അതുകൊണ്ടു മന്ത്രങ്ങൾക്കു ആസ്പദമായ വേദത്തിൽ നമുക്കു പ്രാമാണ്യബുദ്ധി ജനിക്കേണ്ടതാണ്.

## വെദമഹിമാ.

'വായുവായാഹിവസൂക്തേന
ഖേചരത്വം ലഭേന്നരഃ
സുഷുമാദിസപ്തസൂക്താനി
ജപേച്ചേൽ വിഷ്ണുമന്ദിരേ
മാൎഗ്ഗശീൎഷേയുതംധീമാൻ
പരകായം പ്രവേശയേൽ'

ഈ മാതിരി ആകാശത്തിൽ സഞ്ചരിപ്പാനും പരകായപ്രവേശം ചെയ്വാനും മന്ത്രസിദ്ധികൊണ്ടു സാധിക്കും എന്നുകാണുമ്പോൾ വേദപ്രാമാണ്യബുദ്ധിയുണ്ടാവാൻ നാം അധികം ശ്രമിക്കുന്നതാണ്. നമ്മുടെ അനുഭവംകൊണ്ടും ഊഹത്താലും ഉപമാനമൂലവും നമുക്കു ലഭിപ്പാൻ കഴിയാത്ത അറിവുവേദത്തിൽനിന്നു മാത്രമേ ലഭിക്കയുള്ളൂ.

## വേദം വിശ്വാസയോഗ്യം.

ആ വേദം ശബ്ദസ്വരൂപമാണ്. അർത്ഥത്തോടുകൂടിയ ശബ്ദം സ്വാഭാവികമായി വിശ്വാസയോഗ്യമാണ്. വിശ്വസിക്കാതിരിപ്പാൻ കാരണമില്ലെങ്കിൽ അതിനെ നാം വിശ്വസിക്കേണ്ടതാണ്.

വ്യവഹാരപരിചയമുള്ളവൎക്കു താഴെപറയുന്ന അനുഭവം ഉള്ളതാണ്. ഒരു കേസിൽ സാക്ഷികളെ വിസ്തരിക്കുമ്പോൾ എതൃചോദ്യംകൊണ്ടോ വേറെ വിധത്തിലൊ വിശ്വസിക്കാതിരിപ്പാൻ കാരണം കാണാത്തപക്ഷം ആ സാക്ഷിയുടെ കയ്യിത്തു വിശ്വസിക്കുകയാണ് ചെയ്യുന്നത്. ഈ നടവടി കുലക്കേസ്സിൽകൂടി ഉപയോഗിച്ചു വരുന്നതാണ്. അതുകൊണ്ടു വിശ്വസിക്കാതിരിപ്പാൻ കാരണം കാണാത്തപക്ഷം വാക്കുകളെ വിശ്വസിച്ചു വരുന്നതാണു ശെരി എന്നു കോടതിനടവടികൊണ്ടു കാണുന്നു. അതുപോലെ നമുക്കു പരിചയമില്ലാത്ത ദിക്കുകളിൽ പോയാൽ അവിടെ വഴിയെപ്പററിയോ മറേറാ സംശയം വരുമ്പോൾ നമുക്ക് അറിവില്ലാത്ത ആൾ പറയുന്നതു ഉടനെ വിശ്വസിക്കുന്നതു നമ്മുടെ സ്വഭാവമായിട്ടാണ് ഇരിക്കുന്നത്. ഈ വിഷയത്തെപ്പററി ബാരിസ്റ്റർ നോട്ടൻ അദ്ദേഹത്തിൻെറ തെളിവുശാസ്ത്രപുസ്തകത്തിൽ താഴെ പറയുംപോലെ എഴുതിയിരിക്കുന്നു.

“ വാക്യങ്ങളിൽ നമുക്കു വിശ്വാസം ഉണ്ടാവാൻ കാരണം മനുഷ്യർ സാധാരണ കളവു പറയുന്നതിനെക്കാൾ സത്യം പറയുന്നതാണ് പതിവ്. എന്നാൽ അവക്ക് അറിവില്ലായ്മകൊണ്ടോ ദുഷ്ടവിചാരംകൊണ്ടോ ധാരണാശക്തി പോരാതെയോ ഭയംകൊണ്ടോ അവർ പറയുന്നതു തെററിപ്പോയി എന്നു വന്നേക്കാം. എന്നാൽ ഈ തെററു സാധാരണയിൽനിന്നു വ്യത്യാസമായിട്ടുള്ളതാണ്. നാം നമ്മുടെ നിത്യാനുഭവങ്ങളെ പരിശോധിച്ചാൽ എത്ര അധികം ഓരോന്നിനെ വിശ്വസിച്ചാണു നടക്കുന്നത് എന്നു പ്രത്യക്ഷപ്പെടുന്നതാണ്. ഒരു മടിയനായ പ്രഭു അകത്തു കിടക്കുമ്പോൾ മഴപെയ്യുന്നുവോ എന്നു വാലിയക്കാരനോടു നോക്കി വരുവാൻ പറഞ്ഞ് അതിനെ വിശ്വസിക്കുകയാണ് ചെയ്യുന്നത്. വഴിയാത്രചെയ്യുന്ന വൈരാഗികൾ വല്ല കഥയോ വർത്തമാനമോ പറഞ്ഞാൽ ആലോചിക്കാതെ നാം വിശ്വസിക്കുകയാണു ചെയ്യുന്നത്. ഒരു വിദ്യാടി എന്തൊക്കെ ചെയ്യാൻ കഴിയും എന്നുപറഞ്ഞാലും അതു പരിശോധിക്കാതെ വിശ്വസിക്കുന്നതു പതിവാണ്. അതുപോലെ നാം അറിയാത്തതായ വൈദ്യം, ജ്യോതിഷം മുതലായവകളിൽ വൈദ്യനും ജ്യോത്സ്യനും പറയുന്നതു വിശ്വസിക്കുകയാണു ചെയ്യുന്നത്. നമ്മുടെ അറിവു മുഴുവനും പരിശോധിച്ചാൽ മിക്കതും ഈ മാതിരി വിശ്വാസത്തിൽ ഉൾപ്പെട്ടതായിരിക്കും. നാം ക്ഷൌരാദികളിൽ കഴുത്തു ക്ഷൌരകനെ വിശ്വസിച്ചു കാണിച്ചുകൊടുക്കുകയാണുചെയ്യുന്നത് ഈ നടവടിക്കു കാരണം ഈമാതിരിവിശ്വാസം നമുക്കു ക്ഷേമകരവും അതിന്നു വിപരീതം ആപത്തിനെ ഉണ്ടാക്കുന്നതുമാണെന്നു സർവ്വസമ്മതമായതുകൊണ്ടാണ്.”

ഇങ്ങിനെ നിത്യാനുഭവങ്ങൾ ഇരിക്കുമ്പോൾ വേദവചനങ്ങളെ വിശ്വസിക്കാതിരിപ്പാൻ കാരണം എന്താണെന്നു പരിശോധിക്കാതെ വിശ്വസിപ്പാൻ കാരണം എന്താണെന്നു ചോദിക്കുന്നതു സിദ്ധാന്തവും ഒരിക്കലും ന്യായമല്ലാത്തതുമാണെന്ന

എല്ലാവൎക്കും പ്രത്യക്ഷപ്പെടുന്നതാണ്. ഈ വിഷയത്തെപ്പററി ബൻതാം സായ്പ് എന്നഇംഗ്ലാണ്ടിൽ വലുതായ യോഗ്യതയോടു കൂടിയ ഒരു ബാരിസ്റ്റർ പറഞ്ഞിട്ടുള്ളതിനെ പരിശോധിച്ചാൽ മേല്പടി ന്യായം നിസ്സംശയമായി ബോദ്ധ്യം വരുന്നതാണ. അദ്ദേഹം നാം എല്ലാവരും സാധാരണ കേൾക്കുന്ന സംഗതികളെ വിശ്വസിച്ചുവരുന്നതു പതിവാണെന്നു അനേകം ഉദാഹരണങ്ങൾകൊണ്ടു സാധിച്ചശേഷം അതു ശരിയാണെന്നു കാണിപ്പാൻ വളരെ ഉദാഹരണങ്ങൾ പറയുകയും പിന്നെ ഒരാൾക്ക് അനുഭവം തന്നെ വരേണമെങ്കിൽ നാളെമുതൽ ആർ പറയുന്നതിനെയും ഞാൻ വിശ്വസിക്കയില്ല. എൻെറ അനുഭവം തന്നെ വേണം' എന്നു പരിശോധിച്ചുനോക്കട്ടെ എന്നും പറയുന്നു. അതുപ്രകാരം നാം ചെയ്താൽ ഒരു ദിവസംകൂടി നമുക്കു കഴിച്ചുകൂട്ടുവാൻ സാധിക്കയില്ലെന്നും നമ്മുടെ മാതാപിതാക്കന്മാർ ആരാണെന്നു നമുക്കു വിശ്വാസം വരാതെതന്നെ നമ്മുടെ ജീവകാലം കഴിഞ്ഞുപോകും എന്നും നമുക്കു അറിവാൻ പ്രയാസമില്ലല്ലൊ. അതുകൊണ്ടു വേദത്തെ വിശ്വസിക്കാതെ ഇരിപ്പാൻ കാരണം കാണാത്തപക്ഷം നാം അതിനെ വിശ്വസിക്കണം എന്നതിന്നു സംശയം ഇല്ല. എന്നാൽവിശ്വസിക്കാതിരിപ്പാൻ അനേകം സംശയങ്ങൾ ഉണ്ടാവുന്നതിനെ നമ്മുടെ പൂൎവ്വികന്മാരായ മഹൎഷിമാർ ഖണ്ഡിച്ചതിനെ ഗുരുശിഷ്യസംവാദരൂപമായി താഴെചേൎക്കാം.

## അവിശ്വാസയുക്തിഖണ്ഡനം.

ഗുരു. വെദം അപൌരുഷെയമായും നിത്യമായും ജ്ഞാനപ്രദമായുമുള്ള ശബ്ദങ്ങളും വാക്യങ്ങളും ആയ്തുകൊണ്ടു നാം നടക്കെണ്ട സംഗതികൾക്കു മുഖ്യപ്രമാണവും യഥാൎത്ഥജ്ഞാനത്തെ തരുന്നതുമാകുന്നു. നമ്മുടെ സാധാരണ അനുഭവം ഊഹം ഉപമാനം ഈ മാൎഗ്ഗങ്ങൾ കൊണ്ടു അറിവാൻ സാധിക്കാത്ത അനെ

കവിഷയങ്ങൾ വെദത്തിൽ നിന്നമാത്രമെ അറിവാൻ തരമുള്ളു. വെദത്തിൽ പ്രമാദം മാത്സൎയ്യം മുതലായ പുരുഷദൊഷങ്ങൾ ഒന്നുമില്ല ജഗത്തിന്റെ യഥാൎത്ഥ തത്വം അറിയിക്കുന്ന പുരുഷദൊഷമില്ലാത്ത സൎവ്വെശ്വരന്റെ സാക്ഷി തെളിവാണ വെദം എന്ന പറയുന്നത.

ശിഷ്യൻ. സാക്ഷികൾക്ക ഉണ്ടാവാവുന്ന പുരുഷദൊഷം എന്തെല്ലാമാണ.

ഗുരു. (1) എന്ത സംഗതിയെ പററി അവർ പറയുന്നുവൊ അതിനെ അറിയാതെ ഇരിക്കുക. ഈ അജ്ഞാനത്തെ സംസ്കൃതത്തിൽ പ്രമാദം, മോഹം എന്നും ഇംഗ്ലീഷിൽ (Ignorance) എന്നും പറയുന്നു.

(2) ഐതിഹ്യം (Rumour) കെട്ടതിനെ യഥാൎത്ഥമായി കണ്ടതപൊലെ പറയുക.

(3) ന്യൂനം (Saying too little) അറിഞ്ഞത മുഴുവനും പറയാതെ ഇരിക്കുക.

(4) അധികം (Saying too much) അറിയാത്തതകൂടി കൂട്ടിചെൎത്ത പറയുക.

(5) വിക്ഷെപം (Evasion) ശരിയായ സമാധാനം പറയാതെ ഉരുസിപ്പോകുക or കഴിയുക.

(6) അപ്രാപ്തകാലഭാഷണ (Inopportune deposition) ഉണ്ടാവാവുന്ന കാലത്തിന്ന വിരോധമായി പറയുക.

(7) നിരൎത്ഥകത്വ (Meaninglessness) പറയുന്നതിന്ന അൎത്ഥമില്ലാതെ ഇരിക്കുക.

(8) അസംഭവ് (Inprobability).

(9) ഛല (Quibble) കപടമായി പറയുക ഇതിൽ വാക്ഛലതയും അൎത്ഥഛലതയും ഉണ്ടാവാം.

(10) സംശയ (Doubt) പറയുന്നതിൽനിന്ന സംശയം മാത്രം ജനിപ്പിക്കുക.

(11) അയോഗ്യത (Want of capacity or opportunity for observation) സൂക്ഷ്മദൃഷ്ടിക്കാരൻ ദൂരത്തു ഉള്ളതിനെ കണ്ടു എന്ന തെററായി ധരിച്ച കണ്ടതുപോലെ പറയുക. ഇതിൽ ആൾ പറയുന്നതു മനസ്സാക്ഷിക്കു വിരോധമല്ലെങ്കിലും വിശ്വാസയോഗ്യമല്ല.

(12) രാഗദ്വേഷ (Prejudice for or against or account of affection or enemity) സാക്ഷി ഒരുഭാഗത്തിൽ സ്നേഹാധിക്യംകൊണ്ടൊ മററഭാഗത്തിൽ ദ്വേഷബുദ്ധികൊണ്ടൊ അസത്യം പറയുക,

(13) അതിശയോക്തി (Exaggeration) ചില സാക്ഷികൾക്കു യഥാൎത്ഥത്തിൽ അധികം വൎണ്ണിച്ച പറയുന്ന സ്വഭാവം ഉണ്ടാകും.

(14) വളരെനെരം ആലോചിച്ച സൂക്ഷിച്ച അവ്യക്തമായി പറയുന്നത (Laboured cautions and confused statement).

(15) അതിശ്രദ്ധ (Over zeal on behalf of the party whom the witness supports)

(16) ചോദ്യത്തെ അറിയാതെ സമാധാനം (Not understanding the question)

(17) വിസ്മൃതിഭാവം (Air of forgetfulness when contradiction is possible). യഥാൎത്ഥം അറിഞ്ഞുകളയുമെന്ന വരുമ്പോൾ ഓൎമ്മയില്ലെന്ന ഭാവിക്കുക.

(18) ഒരു ഭാഗത്തേക്കു അനുകൂലമായ സംഗതികളെപ്പററി ചോദിക്കുമ്പോൾ സമാധാനം പറവാൻ മടി (Reluctance in giving adverse testimony against the favoured party).

(19) കപടബാധിൎയ്യം കപടാന്ധത (Pretence of deafness and shortsight to gain time). സത്യംപോലെ തോന്നുവാൻ തക്കവണ്ണം ആലോചിച്ചു മറുവടി പറവാൻ ചെവികേൾക്കുന്നില്ല, കണ്ണു സൂക്ഷ്മദൃഷ്ടിയാണ എന്ന ഭാവിക്കുക.

87406
R2183
32E7

(20) നിഷ്പക്ഷഭാവനാ (Affecting indifference) രണ്ടുഭാഗവും തനിക്ക പക്ഷപാതമില്ലെന്ന നടിക്കുക.

(21) ഈശ്വരശപഥം (Vowing to God often) ഈശ്വരനാണ ഞാൻ പറയുന്നത സത്യം എന്ന പിന്നെയും പിന്നെയും ശപഥം ചെയ്യുക.

(22) സത്യവാദിഭാവനാ (Professing often to speak the truth) ഞാൻ സത്യംവിട്ട പറയില്ല എന്ന പിന്നെയും പിന്നെയും ഭാവനാ.

(23) സ്വഭാവദോഷ (Propensity to lie amongst enslaved people) സംസൎഗ്ഗംകൊണ്ടും മററും നുണപറയുന്ന സ്വഭാവം.

(24) ആശ്ചൎയ്യസ്നേഹ (Vain love of the marvellous especially in the case of females) ആശ്ചൎയ്യങ്ങളിൽ അധികസ്നേഹംകൊണ്ട യഥാൎത്ഥത്തിൽ കവിഞ്ഞ ഗ്രഹിക്കുകയും പറയുകയും ചെയ്യുക.

(25) ഉദ്ദേശകല്പനാസ്വഭാവ (Tendency to impute motives). ഒരാൾ ഒന്ന പ്രവൃത്തിക്കുന്നത കാണുമ്പോൾ കണ്ടതിൽ അവനവന്റെ ഊഹംകൂടി ചേൎത്ത മറെറ ആൾ ചെയ്യുതിന്ന ഒരു കാരണംകൂടി കലൎന്നകണ്ടതുപോലെ പറയുക.

(26) വ്യവഹാരിക സാമൎത്ഥ്യം (Skill in the witness on account of litigious knowledge). വ്യവഹാരങ്ങളിൽ സാക്ഷി പറഞ്ഞും മററും പരിചയംകൊണ്ട നുണയെ സത്യംപോലെ പറയുക.

(27) അനുസരണരാഹിത്യം (Want of corroboration).

(28) മറച്ചുവെപ്പാൻ തരമില്ലെങ്കിൽ ഓൎമ്മയോടെ പറയുക (Remembrance where suppression is impossible).

(29) സ്ഥൈൎയ്യരാഹിത്യ (Want of integrity) ചോദിക്കു

ന്ന ആൾ സാമൎത്ഥ്യത്തോടുകൂടി തിരിച്ചുകൊണ്ടുപോകുന്ന വഴി കൾ അറിയാതെ തിരിഞ്ഞ യഥാൎത്ഥം വിട്ടു പറയുക.

(30) പരബോദ്ധ്യരാഹിത്യ (Want of repute). യഥാൎത്ഥം പറയുന്നവനാണെന്ന പരബോദ്ധ്യം ഇല്ലാതെ ഇരിക്കുക.

ശിഷ്യൻ. വേദം അപൌരുഷെയമാണെങ്കിൽ മെൽപറഞ്ഞ ദോഷങ്ങൾ വേദവാക്യങ്ങൾക്ക ഇല്ലാത്തതുകൊണ്ട അത മുഖ്യ പ്രമാണമാണെന്നുള്ളതിന്ന സംശയമില്ല. എന്നാൽ വെദത്തിൽ കാഠകം തൈത്തരീയം ഐതരെയം എന്ന വേദകൎത്താക്കന്മാരുടെ പേരവിളിച്ച വിഭാഗം ചെയ്യുകാണുമ്പോൾ വേദത്തിന്ന കൎത്താവില്ല വേദം അപൌരുഷെയമാണ എന്ന എങ്ങിനെ പറയാം.

ഗുരു. "ഋഷയൊ മന്ത്രദ്രഷ്ടാരഃ" എന്ന പറയുന്നതിൽനിന്ന ഋഷികൾ മുമ്പതന്നെയുള്ള വേദമന്ത്രങ്ങളെ അറിഞ്ഞു എന്ന പ്രത്യക്ഷപ്പെടുന്നതാണ. മുമ്പതന്നെയുള്ള അനാദിയും അനന്തവും ആയ വേദത്തെ അറിഞ്ഞ വിഭാഗം ചെയ്യുതകൊണ്ട അവർ വേദകൎത്താക്കന്മാരാവുന്നതല്ല. വേദകൎത്താവ ആരാണെന്ന അറിയാതെ ഒരു കൎത്താ ഉണ്ടെന്ന കല്പിക്കുന്നതും അദ്ദേഹത്തിന്ന ദോഷം കല്പിക്കുന്നതും സിദ്ധാന്തവും ആക്രമവുമാണ. എന്ന മാത്രമല്ല വേദം നിത്യനായ പരമാത്മാവിന്റെ നിൎസ്സ്വരൂപമാണ. അതുകൊണ്ട വേദത്തെ ഈശ്വരനിശ്വസിതം എന്ന കൂടി പറയുന്നു. പരമാത്മാവിന്ന അഹംകാരമില്ലാത്തതുകൊണ്ട പുരുഷദോഷങ്ങൾക്ക ആസ്പദമായ വിത്ത അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ഇല്ല. പരമാത്മാവിന്റെ സൃഷ്ടിസ്ഥിതിസംഹാരകൎത്തൃസ്വരൂപങ്ങളായ ബ്രഹ്മവിഷ്ണുമഹെശന്മാരുടെ ലോകങ്ങളായ സത്യലോകം വൈകുണ്ഠം കൈലാസം ഈ ദിക്കുകളിലേക്ക പോവാൻ വിമാനം എന്ന വാഹനമെയുള്ളൂ. വിമാനം എന്നുവെച്ചാൽ വിഗതമാനം അഭിമാനമില്ലായ്മ എന്നൎത്ഥമാണ. അതുകൊണ്ട അഹംകാരദോഷവും അതിൽനിന്ന

ഉണ്ടാവാവുന്ന പുരുഷദോഷങ്ങളും വേദത്തിലില്ല വേദത്തിൽ നാം പ്രത്യക്ഷം അനുമാനം ഉപമാനം ഈ പ്രമാണങ്ങളെക്കൊണ്ട അറിവാൻ സാധിക്കാത്തതായ അനേക വിചിത്രജ്ഞാനപ്രദങ്ങളായ വാക്യങ്ങളും സ്വൎഗ്ഗനരകലോകാദി വൎണ്ണനകളും നാം മരിച്ചശേഷം പിന്നെയും ജനിക്കുന്നതുവരെ ഉണ്ടാവാവുന്ന അനുഭവങ്ങളെയും ജനനം ഇല്ലാതെ നിത്യനിരതിശയാനന്ദം അനുഭവിപ്പാനുള്ള മോക്ഷമാൎഗ്ഗങ്ങളെയും മറവം പറഞ്ഞിട്ടും കൂടി ഇതൊക്കെ താനാണ പറഞ്ഞത എന്ന എല്ലാവരും അദ്ദേഹത്തെ ശ്ലാഘിക്കണമെന്ന ഈശ്വരന്ന ലവലേശം തോന്നീട്ടില്ലല്ലൊ. അങ്ങിനെയുണ്ടായിരുന്നുവെങ്കിൽ വേദത്തിൽ അതാത സ്ഥലത്ത തന്റെ പേരിനെ ചോട്ടിൽ ചേൎത്തുകാണുമായിരുന്നു. ഇതിൽ നിന്ന എത്രയൊ ചുരുക്കം അറിവിനെയും രസത്തെയും തരുന്ന ഗ്രന്ഥങ്ങളിൽ കാളിദാസകൃതം ഭവഭൂതികൃതം എന്ന ചോട്ടിൽ എഴുതികാണുന്നുവല്ലൊ. അതകൊണ്ട വേദവിശ്വാസകാരണഭൂതനായ സൎവ്വേശ്വരൻ മഹാപുരുഷോത്തമനാണെന്നും അദ്ദേഹത്തിന്റെ ചിൽസ്വരൂപമായ വേദം പൂൎണ്ണവിശ്വാസയോഗ്യമാണെന്നുള്ളതിന്ന യാതൊരു സംശയവുമില്ല.

ശിഷ്യൻ:—പുരുഷദോഷം വേദത്തിന്ന ഇല്ലെന്ന തൃപ്തിയായി. ഇനി വേദത്തിൽ സ്വതെയുള്ള ദോഷങ്ങൾ (Intrinsic defects) കാണുന്നതിന്ന സമാധാനം കേട്ടാൽ കൊള്ളാം. വേദം നിത്യശബ്ദമാണെന്ന പറഞ്ഞുവല്ലൊ. ആരെങ്കിലും ഉച്ചരിക്കുമ്പോൾ മാത്രമല്ലെ ശബ്ദം സ്ഫുരിക്കുന്നുള്ളു.

ഗുരു:—അതശരിതന്നെ. എപ്പൊഴുംവേദശബ്ദം നമുക്ക കേൾക്കാത്തത മാറൊതടസ്ഥംകൊണ്ടാണ. ഒരാൾ വേദം ഉച്ചരിക്കുമ്പോൾ തടസ്ഥത്തെ നീക്കംചെയ്യുന്നു എന്ന മാത്രമെയുള്ളു.

ശിഷ്യൻ:—വേദം നിത്യമാണെങ്കിൽ അതിന്ന വികാരം ഉണ്ടാവാൻ പാടില്ലല്ലൊ. പിന്നെ എങ്ങിനെ അനേകം ആളുകൾ ഒന്നായി ശബ്ദിക്കുമ്പോൾ അധികശബ്ദം ഉണ്ടാവുന്നു.

ഗുരു. അപ്പൊൾ തടസ്ഥം അധികം നീങ്ങുന്നതുകൊണ്ടാണ.

ശിഷ്യൻ. വാക്കുകളെ ഉച്ചരിച്ചാൽ ഉടനെ ഇല്ലാതെ ആകുന്നുവല്ലൊ. പിന്നെ എങ്ങിനെയാണ ശബ്ദത്തിനെ നിത്യം എന്ന പറയുന്നതു.

ഗുരു. അപ്പൊൾ വാക്കിൻെറ സ്ഫുരണത്തിന്ന തടസ്ഥം നെരിട്ടു എന്നല്ലാതെ ശബ്ദം നശിച്ചു എന്ന പറയുന്നത ശെരിയല്ല. ശബ്ദത്തിനെ നശിപ്പിപ്പാൻ യാതൊരു കാരണവും നാം കാണുന്നില്ലല്ലൊ. പിന്നെ എങ്ങിനെ നാം അത നശിച്ചു എന്ന പറയാം.

ശിഷ്യൻ. ശബ്ദം നിത്യമാണെങ്കിൽ അതിന്നമാററം വരുവാൻ പാടില്ലല്ലൊ. വികാരവത്തായിരിക്കുന്ന സകല പദാൎത്ഥങ്ങളും നശ്വരമായിട്ടല്ലെ കാണുന്നത. പിന്നെ എങ്ങിനെയാണ ദധി അത്ര എന്നതിനെ ചെൎക്കുമ്പൊൾ ദധ്യത്ര എന്ന മാറിയതായി വൈകാരണികൻമാർ പറയുന്നത.

ഗുരു. ആ ഉദാഹരണത്തിൽ യഥാൎത്ഥം ധി. അ എന്ന രണ്ടക്ഷരങ്ങൾ ധ്യ എന്ന ഒരക്ഷരമായി മാറിയതല്ല. ധ്യ എന്നത വെറെ അക്ഷരം തന്നെയാണ.,

ശിഷ്യൻ. ശബ്ദത്തിൻെറ യഥാൎത്ഥസ്വരൂപം എങ്ങിനെയാണ.

ഗുരു. ശബ്ദം സൂൎയ്യപ്രകാശംപൊലെ സൎവ്വവ്യാപിയും നിത്യവുമാണ അതുകൊണ്ടാണ ഒരെകാലത്തിൽ അനെക ദിക്കുകളിൽ ഒരെശബ്ദം ഉച്ചരിപ്പാൻ തരം വരുന്നത. തടസ്ഥം നീങ്ങുന്നതിൻെറ അവസ്ഥപൊലെ സൂൎയ്യപ്രകാശം എങ്ങിനെ സ്ഫുരിക്കുന്നുവൊ അതുപൊലെ ശബ്ദവും തടസ്ഥം നീങ്ങുന്നപ്ര

കാരമാണ സ്ഥരിക്കുന്നത. ഒരെശബ്ദം അനെകംപ്രാവശ്യം ഉച്ചരിച്ചു എന്നു പറയുന്നതിന്നും കാരണം അതാതകാലങ്ങളിൽ തടസ്ഥം വീങ്ങിയത ഒരുപൊലെ ആവുന്നതകൊണ്ടാണ. വെദം ആസെതു ഹൈമാചലം ഓരൊമാതിരി ഉച്ചരിച്ചു വരപ്പെട്ടന്ന ശബ്ദമായതകൊണ്ട ഇന്നതാണ വേദം എന്ന തൎക്കം സംശയത്തിന്നും വഴിയില്ല.

ശിഷ്യൻ. എന്നാലും ഇതസംബന്ധമായി എനിക്ക ചില സംശയങ്ങൾ കൂടിയുണ്ട. വേദത്തിൽ ചില മന്ത്രങ്ങൾക്ക അൎത്ഥം തന്നെയില്ല. ചില ഭാഗങ്ങൾ സംശയത്തെ മാത്രം ഉണ്ടാക്കുന്നു. അചെതനങ്ങളായ കല്ലു മരം മുതലായതുകളോട കൂടി സംസാരം ഉണ്ടായി എന്ന ചില ദിക്കുകളിൽ കാണുന്നു. എന്ന മാത്രമല്ല ചില ദിക്കുകളിൽ നാം എല്ലാവരും അറിയുന്നതായ കേവല വിഷയങ്ങളെപററി പച്ചക്കുട്ടികൾ പറയുംപോലെ പറഞ്ഞകാണുന്നു. ഈ കാരണങ്ങൾകൊണ്ട വേദം സ്വതെതന്നെ വിശ്വാസയോഗ്യമല്ലെന്നതോന്നുന്നു. ഈ സംശയം കൂടി നിവൃത്തിച്ചുതന്നാൽ വേണ്ടിയില്ല.

ഗുരു. മേൽപറഞ്ഞ സംഗതികളെ ഓരോന്നായി ഉദാഹരണത്തോടുകൂടി ചോദിച്ചാൽ സമാധാനം പറയാം.

ശിഷ്യൻ. അമ്യക്സാത, തുൎഭരീ, ജൎഭരീ എന്നും മററും ഒരൎത്ഥവും ഇല്ലാത്ത ശബ്ദങ്ങളെ വേദത്തിൽ കാണുന്നുവല്ലൊ. ചെറിയ കുട്ടികളെപോലെ അൎത്ഥമില്ലാതെ ചില ദിക്കുകളിൽ ശബ്ദിക്കുന്ന വേദത്തെ ബാക്കി ഭാഗങ്ങളിൽ കൂടി എങ്ങിനെയാണ പ്രമാണമായി സ്വീകരിക്കാവുന്നതു.

ഗുരു. മേൽപറഞ്ഞ ശബ്ദങ്ങൾക്ക അൎത്ഥം ഇല്ലാ എന്ന പറഞ്ഞത ശരിയല്ല. ഒരാൾക്ക അൎത്ഥം അറിയില്ലെങ്കിൽ

അൎത്ഥം ഇല്ലെന്ന വരുന്നതല്ല. യാസ്കമഹൎഷി ഇതിനെല്ലാം വെടിപ്പായി അൎത്ഥം പറഞ്ഞിട്ടുണ്ട. നിരുക്തം പഠിച്ചാൽ ഈ മാതിരി സംശയംതന്നെ വരുന്നതല്ല. ഒരു അന്ധന്ന വഴി കാണുന്നില്ലെങ്കിൽ വഴി തന്നെയില്ല എന്ന പറയാമൊ.

ശിഷ്യൻ. (1) ആപ ഉന്ദന്തു (2) ശിബികെ ശിര ആരൊഹ ശൊഭായതിമുഖംമമ. എന്ന ദിക്കുകളിൽ വളരെ വ്യക്തമായ വിഷയത്തെ നെല്ലിന്റെ അകത്ത അരിയുണ്ടാകും എന്ന കുട്ടികൾ പറയുംപോലെ പറയുന്നുവല്ലൊ.

ഗുരു. മെപ്പടി മന്ത്രങ്ങളിൽ ദൃഷ്ടമായ അൎത്ഥം നമുക്ക അറിയാമെങ്കിലും ആ വസ്തുക്കളിൽ അന്തൎയാമിയായി ദേവതകളുണ്ടെന്നും അവകളോടാണ നാം സംസാരിക്കുന്നത എന്നും വേദത്തിൽനിന്ന മാത്രമെ വ്യക്തമാവുകയുള്ളു.

ശിഷ്യൻ. വേദത്തിൽ "അധസ്വിദാസിൽ ഉപരിസ്വിദാസിൽ" എന്നും "സ്ഥാണുൎവ്വാ പുരുഷൊവാ" എന്നും മററം ഒന്നിന്ന ഒന്ന വിരുദ്ധങ്ങളായി പറഞ്ഞുകാണുന്നുവല്ലൊ.

ഗുരു. ആ മന്ത്രങ്ങൾ ഭഗവാൻ സൎവ്വവ്യാപിയും അന്തൎയ്യാമിയും ആണെന്ന കാണിക്കുന്നതാണ. ഇത മനസ്സിലായാൽ ഒന്നിന്ന ഒന്ന വിരുദ്ധമില്ലെന്ന പ്രത്യക്ഷപ്പെടുന്നതാണ. അതപോലെ "ഏക ഏവരുദ്രഃ നദ്വിതീയഃ" എന്ന പറയുന്ന ദിക്കിലും "സഹസ്രാണി സഹസ്രശൊയെരുദ്രാ അധിഭൂമ്യാം" എന്ന ദിക്കിലും സൎവ്വവ്യാപ്യത്തേയും സൎവശക്തിമത്വത്തെയും കാണിക്കുന്നതാണ. ഒരെ രുദ്രന്ന അനെക ആയിരം സ്വരൂപം എടുപ്പാൻ ശക്തിയുണ്ട. അതുകൊണ്ട ഇവകളിൽ യാതൊരു വിരുദ്ധതയും ഇല്ല

ശിഷ്യൻ: "ഉദിതെ ജുഹോതി" "അനുദിതെ ജുഹോതി" എന്ന വിരുദ്ധത കാണുന്നുവല്ലൊ.

ഗുരു. ആ വാക്യങ്ങൾ രണ്ടാളെ ഉദ്ദേശിച്ചു പറയുന്നതാണു. ഈ മാതിരി അനെക സംശയങ്ങൾ വരാം. അവകളെ നിവൃത്തിചെയ്യാത്തപക്ഷം വെദപ്രാമാണ്യബുദ്ധി ദൃഢമായി ഭവിക്കുന്നതല്ല. എന്നാലോചിച്ചു പരമകാരുണികനായ ജൈമിനി മഹൎഷിപൂൎവമീമാംസാഗ്രന്ഥത്തിൽ ആദ്യത്തെ അദ്ധ്യായത്തിൽ എല്ലാ സംശയങ്ങൾക്കും ന്യായമായ സമാധാനം പറഞ്ഞിട്ടുണ്ടു. ഇപ്പോൾ പറഞ്ഞതിലധികം വേദപ്രാമാണ്യ ബുദ്ധിയുണ്ടാവാൻ യുക്തികൾ അറിയേണ്ടവർ മെപ്പടി ഗ്രന്ഥം നോക്കേണ്ടതും പിന്നെയും തൃപ്തിയാവാത്തപക്ഷം (1) ശാസ്ത്രദീപികാ (2) അദ്ധ്വരമീമാംസാ (3) ഭാട്ടവാൎത്തികം മുതലായ ഗ്രന്ഥങ്ങൾ പഠിക്കേണ്ടതുമാണു.

തപസ്തപ്ത്വാ സൃജൽബ്രഹ്മാ
ബ്രാഹ്മണാൻ വെദഗുപ്തയെ
തൃപ്ത്യൎത്ഥം പിതൃദെവാനാം
ധൎമ്മസംരക്ഷണായച

എന്നു എല്ലാ ബ്രാഹ്മണരും ഓൎമ്മവെക്കേണ്ടതാണു.

ഓം തൽ സൽ.

8321

6 JAN 1938

R2133 32E7

VEDAPRAMANYAM—VENKATESWARA AIYAR

Indic Digital Archive Foundation
gpura.org